"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ലക്കിടി എ ജെ ബി എയിഡഡ് എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ഷീബാബായി. സി ഫയൽ ചെയ്ത WP(C)No. 15554/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച 04.08.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ.ഉ.(സാധാ) നം.145/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:-

1. പാലക്കാട് ലക്കിടി എ ജെ ബി എയിഡഡ് എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ഷീബാബായി. സിയുടെ 25/07/2021 തീയതിയിലെ പുന:പരിശോധനാ ഹർജി.
(Ext. P11 പുന:പരിശോധനാ ഹർജി).
2. ബഹു. കേരള ഹൈക്കോടതിയുടെ 04.08.2021-ലെ ഡബ്ല്യൂ . പി (സി) നം . 15554/2021 - ന്മേലുള്ള വിധിന്യായം.
3. ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/11/2021 ലെ എഫ്/2092/21 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/11/2021 ലെ ബി4/4229/21 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ലക്കിടി എ ജെ ബി എയിഡഡ് എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ഷീബാബായി. സി ഫയൽ ചെയ്ത WP(C)No. 15554/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ ഫയൽ ചെയ്ത Ext. P11 പുന: പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരരിയെയും ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം ലഭിക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 10.11.2021ന് കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു .

എ) ഹർജിക്കാരിയെ 02/06/1997 ൽ കയറാട്ട് LPS, പനമണ്ണയിൽ എൽ. പി. എസ്. എ ആയി നിയമിച്ചു. ഹർജിക്കാരിയുടെ 02/06/1997 മുതൽ 19/12/1997 വരെയുള്ള നിയമനം അംഗീകരിച്ചു. ഹർജിക്കാരിയെ 09/07/2001 ൽ ഇതേസ്കൂളിൽ തന്നെ എൽ. പി. എസ്. എ ആയി നിയമിച്ചു. ഹർജിക്കാരിയെ 01/07/2017 മുതൽ ഇതേ സ്കൂളിൽ തന്നെ എൽ. പി. എസ്. എ ആയി നിയമിച്ചിട്ടുള്ളതാണ്. എന്നാൽ ടി നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതാണ്. 06/06/2019 ൽ ഹർജിക്കാരിയെ AJB School, ലക്കിടിയിൽ LPSA Additional Division Vacancy യിൽ നിയമിച്ചു. AEO ഒറ്റപ്പാലം ടി നിയമനം നിരസിച്ചു. നിയമന തിയ്യതിയായ 06/06/2019 ൽ ഹർജിക്കാരിക്ക് 44 വയസ്സ് പൂർത്തിയായിരുന്നു എന്നും Additional division vacancy ആയതിനാൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടിയിരുന്നു എന്ന കാരണങ്ങളാലാണ് ഹർജിക്കാരിയുടെ നിയമനം നിരസിച്ചിട്ടുള്ളത്.

ബി) മേൽ ഉത്തരവിനെതിരെ ഡി. ഇ. ഒ, ഒറ്റപ്പാലത്തിനെ മാനേജർ അപ്പീലിൽ സമീപിച്ചു. എ. ഇ. ഒ, ഒറ്റപ്പാലം ഉയർത്തിയ അതേ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ചു. മേൽ സൂചിപ്പിച്ച ഡി. ഇ. ഒ, ഒറ്റപ്പാലത്തിന്റെ ഉത്തരവിനെതിരെയാണ് റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

ഹർജിക്കാരിയുടെ 06/06/2019 മുതലുള്ള നിയമനത്തിന് അംഗീകാരവും ആയതിന്റെ സർവ്വീസ് ആനുകൂല്യം ലഭിക്കുന്നതിനാണ് റിവിഷൻ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

സി) ഹർജിക്കാരിയുടെ ജനനതിയ്യതി 15/12/1974 ആണ്. 06/06/2019 ൽ നിയമിതയായപ്പോൾ 44 വയസ്സ് പൂർത്തിയാക്കിയിരുന്നു. എന്നാൽ 1997 ലും, 2001 ലും ഹർജിക്കാരിക്ക് അംഗീകൃത സേവനകാലഘട്ടം ഉള്ളതുകൊണ്ട് പിന്നീടുള്ള നിയമനത്തിന് പ്രായപരിധി നോക്കേണ്ടതില്ല. സമാനമായ സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. Additional division Vacancy യിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല എങ്കിലും 2016-17 മുതൽ 2019-20 വർഷം വരെയുള്ള നിയമനങ്ങൾക്ക് G.O ( അച്ചടി ) No. 4/2021/G.Edn dated 06/02/2021 പ്രകാരം അംഗീകാരം നല്കണം.

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാവിദ്യാഭ്യാസ ഓഫീസറുടെയും റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) ലക്കിടി എ. ജെ. ബി സ്കൂളിൽ 2019-20 വർഷം അധികമായി അനുവദിച്ച ലഭിക്കും എന്ന നിഗമനത്തിൽ സൃഷ്ടിച്ച എൽ. പി. എസ്. ടി തസ്തികയിൽ 06/06/2019 മുതൽ ശ്രീമതി. ഷീബാ ഭായിയെ നിയമിച്ചുകൊണ്ട് മാനേജർ സമന്വയയിൽ നിയമന അപേക്ഷ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. നിയമനം പരിശോധിച്ചതിൽ നിയമനാർത്ഥിയുടെ ജനനതിയ്യതി 15/12/1974 ആണ്. ജനനതിയ്യതി പ്രകാരം 44 വയസ് പൂർത്തിയായിരിക്കുന്നു. പുതിയ നിയമനമാകയാൽ 43 വയസ് വരെ ഒ. ബി. സി. ക്കാർക്ക് വയസിളവിനു അർഹതയുണ്ട്. എന്നാൽ ഹിന്ദു ഓ. ബി. സി വിഭാഗത്തിൽ ഉൾപ്പെടുന്ന ശ്രീമതി. ഷീബാ ഭായ്ക്ക് 01/01/2019 44 വയസും 16 ദിവസവും ആയിരിക്കുന്നു. അധിക തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനാലും നിയമനാർത്ഥിക്ക് പ്രായപരിധി കഴിഞ്ഞതിനാലും ശ്രീമതി . ഷീബാ ഭായിയുടെ നിയമനം ഈ കാര്യാലയത്തിൽ നിന്ന് ഡ /5754/2019 തി. 25/09/2019 ഉത്തരവ് പ്രകാരം നിയമനം നിരസിച്ച നൽകിയിരുന്നു. തുടർന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി . ഷീബാ ഭായിയുടെ നിയമനം മേൽ കാരണം കാണിച്ച് ബി 4/190146/2019 തി. 29/01/2020 ഉത്തരവ് പ്രകാരം നിയമനം നിരസിച്ച നൽകുകയാണ് ചെയ്തത് .

ബി) ഒന്നാം ക്ലാസിൽ അധിക തസ്തിക വന്നതിനാൽ ആദ്യ പുനർ പരിശോധന നടത്തിയപ്പോൾ ഒന്നാം ക്ലാസിൽ 26 കുട്ടികൾ , രണ്ടാം തവണ പരിശോധന നടത്തിയപ്പോൾ ഒന്നാം ക്ലാസിൽ 27 കുട്ടികൾ ആയതിനാൽ ഡിവിഷൻ നിലനില്ക്കുന്നില്ല. തുടർന്നും ഡിവിഷൻ നിലനില്ക്കുന്നില്ല. മേൽ സാഹചര്യത്തിൽ 2019-20 വർഷം അനുവദിച്ച അധിക തസ്തിക നിലനിൽക്കുന്നില്ല എന്നും ശ്രീമതി . ഷീബാ ഭായിയുടെ നിയമനം അംഗീകാരയോഗ്യമല്ല.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. രണ്ടു തടസ്സവാദങ്ങളാണ് നിലവിൽ ഹർജിക്കാരിയുടെ 06/06/2019 മുതൽ ഉള്ള നിയമനം അംഗീകരിക്കാത്തതിന് വിദ്യാഭ്യാസ ഓഫീസർക്ക് ചൂണ്ടിക്കാണിക്കാനുള്ളത്:-

ഒന്ന്) നിയമനാർത്ഥിയുടെ ജനനതിയ്യതി 15/12/1974 ആണ്. ജനനതിയ്യതി പ്രകാരം 44 വയസ് പൂർത്തിയായിരിക്കുന്നു. പുതിയ നിയമനമാകയാൽ 43 വയസ് വരെ ഒ.ബി.സി.ക്കാർക്ക് വയസിളവിനു അർഹതയുണ്ട്. എന്നാൽ ഹിന്ദു ഓ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്ന ശ്രീമതി. ഷീബാ ഭായ്ക്ക് 01/01/2019 44 വയസും 16 ദിവസവും ആയിരിക്കുന്നു.

രണ്ട്) ഒന്നാം ക്ലാസിൽ അധിക തസ്തിക വന്നതിനാൽ ആദ്യ പുനഃ പരിശോധന നടത്തിയപ്പോൾ ഒന്നാം ക്ലാസിൽ 26 കുട്ടികൾ, രണ്ടാം തവണ പുനഃപരിശോധന നടത്തിയപ്പോൾ ഒന്നാം ക്ലാസിൽ 27 കുട്ടികൾ ആയതിനാൽ ഡിവിഷൻ നിലനില്ക്കുന്നില്ല. തുടർന്നും ഡിവിഷൻ നിലനില്ക്കുന്നില്ല. മേൽ സാഹചര്യത്തിൽ 2019-20 വർഷം അനുവദിച്ച അധിക തസ്തിക നിലനിൽക്കുന്നില്ല. അതുകൊണ്ട്, ഹർജിക്കാരിയ്ക്ക് നിലനില്ക്കാൻ ഒഴിവില്ല.

5. മേല്പറഞ്ഞ തടസ്സവാദങ്ങൾ പരിശോധിക്കുമ്പോൾ, 1997 ലും, 2001 ലും ഹർജിക്കാരിക്ക് അംഗീകൃത സേവനകാലഘട്ടം ഉള്ളതുകൊണ്ട് പിന്നീടുള്ള നിയമനത്തിന് പ്രായപരിധി നോക്കേണ്ടതില്ല എന്നും സമാനമാനേജ്മെന്റിൽ പുനർനിയമനത്തിന് G.O (അച്ചടി) No. 4/2021/G.Edn dated 06/02/2021 പ്രകാരം പ്രായപരിധിയിൽ ഇളവു നല്കി അംഗീകാരം നല്കാവുന്നതാണെന്നും, വ്യത്യസ്തമാനേജ്മെന്റിൽ പുനർനിയമനത്തിന് ജി.ഒ(ആർ.റ്റി) 1265/65/എഡ്യൂ തീയതി 03.05.1965 പ്രകാരം പ്രായപരിധിയിൽ ഇളവു നല്കി അംഗീകാരം നല്കാവുന്നതാണെന്നും ഉള്ള എതിർവാദങ്ങൾ പരിഗണന അർഹിക്കുന്നു. ആയതിനാൽ സമാനമാനേജ്മെന്റാണോ വ്യത്യസ്തമാനേജ്മെന്റാണോ എന്നതിൽ വ്യക്തത വരുത്തിയശേഷം, മേല്പറഞ്ഞതിൽ ബാധകമായ ഉത്തരവിന് അനുസൃതമായി പ്രായപരിധിയിൽ ഇളവനുവദിച്ചുകൊണ്ട് ഹർജിക്കാരിയുടെ നിയമനം അംഗീകരിയ്ക്കുന്നതിൽ തടസ്സമുണ്ടാകേണ്ടതില്ലെന്നും കാണുന്നു. രണ്ടാമതായ തടസ്സവാദം, 2019-20 വർഷം ഒന്നാം ക്ലാസിൽ അനുവദിച്ച അധിക തസ്തിക നിലനിൽക്കുന്നില്ല എന്നതാണ്. എന്നാൽ, പ്രസ്തുത വർഷത്തെ തസ്തികനിർണ്ണയം അതിനനുസരിച്ച ചട്ടപ്രകാരം പുതുക്കിയതായോ മേലധികാരികൾക്ക് റിപ്പോർട്ടു ചെയ്തതായോ രേഖകളൊന്നും വിദ്യാഭ്യാസ ഓഫീസർമാർ ഹാജരാക്കിയിട്ടില്ല. ഹിയറിങ്ങ് സമയത്തെ അന്വേഷണത്തിലും ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ കൃത്യമായ മറുപടി നല്കുകയുണ്ടായില്ല. അതുകൊണ്ട്, പ്രസ്തുത തടസ്സവാദം അടിസ്ഥാനരഹിതമാണെന്നു മാത്രമേ തീരുമാനിക്കാനാകൂ.

6. മേൽ സാഹചര്യത്തിൽ സമാനമാനേജ്മെന്റാണെങ്കിൽ G.O (അച്ചടി) No. 4/2021/G.Edn dated 06/02/2021 പ്രകാരവും വ്യത്യസ്തമാനേജ്മെന്റാണെങ്കിൽ ജി.ഒ(ആർ.റ്റി) 1265/65/എഡ്യൂ തീയതി 03.05.1965 പ്രകാരവും പ്രായപരിധിയിൽ ഇളവനുവദിച്ചുകൊണ്ട്, ഹർജിക്കാരിയെ നിയമിക്കുന്നതിനായി 2019-20 അധ്യയന വർഷത്തിൽ പ്രസ്തുത സ്കൂളിൽ വ്യവസ്ഥാപിതമായ ഒഴിവുണ്ടെന്ന് ഉറപ്പു വരുത്തിയശേഷം, ടിയാരിയുടെ 06/06/2019 മുതൽ ഉള്ള നിയമനം മറ്റു വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ അംഗീകരിയ്ക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി പാലക്കാട് ലക്കിടി എ ജെ ബി എയിഡഡ് എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ഷീബാബായി. സി സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി(Ext. P11 പുന:പരിശോധനാ ഹർജി) തീർപ്പാക്കി അപ്രകാരം ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
മാനേജർ, എ ജെ ബി എയിഡഡ് എൽ പി സ്കൂൾ, ലക്കിടി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ ജെ ബി എയിഡഡ് എൽ പി സ്കൂൾ, ലക്കിടി, പാലക്കാട്.
ശ്രീമതി. ഷീബാബായി. സി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ എൽ പി സ്കൂൾ, മുണ്ടനാട്ടുകര, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 07-01-2022 16:35:10
Reason: Approved

സെക്ഷൻ ഓഫീസർ